ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.05.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വിവിധ മേഖലകളിൽ ധാരണാപത്രങ്ങളിൽ ഒപ്പുവച്ച് ഇന്ത്യയും വിയറ്റ്നാമും; ഇരു രാജ്യങ്ങളും തമ്മിലുള്ള സമഗ്ര നയതന്ത്ര ബന്ധം ശക്തമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **India and Vietnam sign MoUs in various sectors; PM Narendra Modi pledges to strengthen comprehensive strategic ties.**

2. കേരളത്തിൽ സർക്കാർ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു; കോൺഗ്രസ് നിയമസഭ കക്ഷി യോഗം ഇന്ന് തിരുവനന്തപുരത്ത്.

   **Government formation talks progress in Kerala; Congress Legislative Party meeting to be held in Thiruvananthapuram today.**

3. തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിനുള്ള അവകാശവാദം ഉന്നയിച്ച് ടിവികെ നേതാവ് വിജയ്; പശ്ചിമ ബംഗാളിൽ എൻഡിഎ നേതൃത്വത്തിലുള്ള പുതിയ സർക്കാർ മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും.

**TVK leader Vijay stakes claim to form government in Tamil Nadu; New NDA government in West Bengal to be sworn in the day after tomorrow.**

4. ഓപ്പറേഷൻ സിന്ദൂറിന് ഇന്ന് ഒരു വർഷം; ജയ്പ്പൂരിൽ നടക്കുന്ന സംയുക്ത കമാൻഡർമാരുടെ സമ്മേളനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പങ്കെടുക്കും.

**Today marks one year of 'Operation Sindoor'; Defence Minister Rajnath Singh to attend Joint Commanders' Conference in Jaipur today.**

5. പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിനായി അമേരിക്കയും ഇറാനും നിബന്ധനകളോടെയുള്ള പ്രാഥമിക കരാറിലേക്കടുക്കുന്നതായി റിപ്പോർട്ട്.

**US and Iran reportedly closing in on deal to end West Asia conflict.**

6. ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ സൺറൈസേഴ്സ് ഹൈദരാബാദിന് 33 റൺ ജയം.

**In IPL Cricket Sunrisers Hyderabad clinch a 33-run victory over Punjab Kings.**

☸☸☸☸☸☸☸☸☸☸☸☸☸

## REV. NEW PM-VIETNAM PREZ (INTRO)

ഡിജിറ്റൽ സാങ്കേതികവിദ്യ, പൊതുമേഖലാ ഓഡിറ്റ്, ഡിജിറ്റൽ പേയ്മെന്റ് സംവിധാനം, സംസ്കാരം, ടൂറിസം തുടങ്ങിയ വിവിധ മേഖലകളിൽ ഇന്ത്യയും വിയറ്റ്നാമും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിയറ്റ്നാം പ്രസിഡന്റ് തോ

ലാമും ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയെ തുടർന്നാണ് ധാരണാപത്രങ്ങളിൽ ഒപ്പുവയ്ച്ചത്. വിയറ്റ്നാമുമായുള്ള സമഗ്ര നയതന്ത്ര ബന്ധം ഇന്ത്യ വർദ്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് പി എം വോയ്സ്.........)**

രാഷ്ട്രപതി ഭവനിൽ ഒരുക്കിയ വിരുന്നിലും വിയറ്റ്നാം പ്രസിഡൻറ് പങ്കെടുത്തു. ഇന്ത്യ-വിയറ്റ്നാം ബന്ധം വർദ്ധിപ്പിക്കുന്നത് മേഖലയിലെ സമാധാനത്തിനും പുരോഗതിക്കും വഴിതെളിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## Rajnath Singh and Nirmala Sitharaman

കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗും നിർമ്മല സീതാരാമനും ഇന്നലെ ന്യൂഡൽഹിയിൽ വിയറ്റ്നാം പ്രതിരോധ മന്ത്രിയുമായും ധനമന്ത്രിയുമായും കൂടിക്കാഴ്ച നടത്തി. പ്രതിരോധ സഹകരണം, തന്ത്രപരമായ പങ്കാളിത്തം എന്നിവ വർധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തിയതായി ശ്രീ രാജ്നാഥ് സിംഗ് സമൂഹമാധ്യമത്തിൽ പറഞ്ഞു. വിയറ്റ്നാമിന്റെ സാമ്പത്തിക പരിഷ്കാരങ്ങൾ അഭിനന്ദനാർഹമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## BIHAR-CABINET EXPANSION

ബിഹാർ മുഖ്യമന്ത്രി സാമ്രാട്ട് ചൗധരിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാരിൻറെ മന്ത്രിസഭാ വിപുലീകരണം ഇന്ന്. പട്നയിലെ ഗാന്ധി മണ്ഡപത്തിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, കേന്ദ്ര

ആഭ്യന്തരമന്ത്രിയും പാർട്ടി നേതാവുമായ അമിത് ഷാ, മറ്റ് മുതിർന്ന എൻഡിഎ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. 15 ഓളം ബിജെപി എംഎൽഎമാരും 14 ഓളം ജെഡിയു എംഎൽഎമാരും ഇന്ന് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യും. ജനശക്തി (രാംവിലാസ്)-ൽ നിന്ന് രണ്ട് മന്ത്രിമാരും ഹിന്ദുസ്ഥാനി അവാമി മോർച്ച, രാഷ്ട്രീയ ലോക മോർച്ച എന്നിവയിൽ നിന്ന് ഓരോ മന്ത്രിമാരും ഇന്ന് സത്യപ്രതിജ്ഞ ചെയ്യേക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA ELECTION

നിയമസഭ തിരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനത്തിന് പിന്നാലെ, സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ കേരളത്തിൽ പുരോഗമിക്കുകയാണ്. നിയുക്ത എംഎൽഎ മാരുടെ ആദ്യ നിയമസഭ കക്ഷി യോഗം കെപിസിസി ആസ്ഥാനത്ത് ഇന്ന് രാവിലെ ചേരും. അതേസമയം, നിയമസഭാ തിരെഞ്ഞെടുപ്പിൽ ഉണ്ടായത് അപ്രതീക്ഷിത പരാജയമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു. സി പി ഐ എം സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗത്തിനു ശേഷം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുക യായിരുന്നു അദ്ദേഹം. ജനങ്ങളുടെയും, പാർട്ടി പ്രവർത്തകരുടെയും അഭിപ്രായം കേട്ട് ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## REV TN-POLITICAL SITUATION

തമിഴ്നാട്ടിൽ സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് ടിവികെ നേതാവ് വിജയ് ഇന്നലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് കത്ത് സമർപ്പിച്ചു. ഭൂരിപക്ഷം തെളിയിക്കാൻ ടിവികെ രണ്ടാഴ്ചത്തെ സമയവും

ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പിൽ ടിവികെയിൽ നിന്നും 108 സ്ഥാനാർത്ഥികളാണ് വിജയിച്ചത്. സർക്കാർ രൂപീകരണത്തിന് വേണ്ട ഭൂരിപക്ഷം 118 ആണെന്നിരിക്കെ മറ്റ് പാർട്ടികളുടെ പിന്തുണയ്ക്കായി ടിവികെ ചർച്ച ആരംഭിച്ചു കഴിഞ്ഞു. ടിവികെ നയിക്കുന്ന സർക്കാരിനെ കോൺഗ്രസ് ഔദ്യോഗികമായി പിന്തുണയ്ക്കുമെന്ന് കോൺഗ്രസ് എംപി കാർത്തി ചിദംബരം പറഞ്ഞു. എഐഎഡിഎംകെയിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാരിൽ ഒരു വിഭാഗം ടിവികെയെ പിന്തുണയ്ക്കുമെന്നും റിപ്പോർട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## WB-SWEARING IN

പശ്ചിമ ബംഗാളിലെ എൻഡിഎ നേതൃത്വത്തിലുള്ള പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് മറ്റന്നാൾ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടക്കും. രാവിലെ 10 മണിക്ക് ചടങ്ങുകൾ ആരംഭിക്കുമെന്ന് സംസ്ഥാന ബിജെപി അധ്യക്ഷൻ സമിക് ഭട്ടാചാര്യ മാധ്യമപ്രവർത്തകരോട് പറഞ്ഞു. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രിയും പാർട്ടി നേതാവുമായ അമിത് ഷാ, ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. അതേസമയം, തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമതാ ബാനർജി ഇന്നലെ പാർട്ടിയുടെ നിയുക്ത എംഎൽഎമാരുടെ യോഗം വിളിച്ചുചേർത്തു . വിജയിച്ച 80 സ്ഥാനാർത്ഥികളിൽ 69 പേർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## Operation Sindoor

26 പേർക്ക് ജീവൻ നഷ്ടമായ പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയായി ഇന്ത്യൻ സായുധ സേന നടത്തിയ സൈനിക

നടപടി ഓപ്പറേഷൻ സിന്ദൂറിന് ഇന്ന് ഒരു വർഷം. 2025 മെയ് 7-ന് പുലർച്ചെ ആരംഭിച്ച സംയുക്ത സൈനിക നീക്കത്തിലൂടെ പാകിസ്ഥാനിലെയും പാക് അധിനിവേശ കശ്മീരിലെയും ഒൻപത് പ്രധാന ഭീകരകേന്ദ്രങ്ങളാണ് ഇന്ത്യ തകർത്തത്. ലഷ്കർ-ഇ-തയ്ബ, ജെയ്ഷെ മുഹമ്മദ് തുടങ്ങിയ ഭീകരസംഘടനകളുടെ താവളങ്ങളെ ലക്ഷ്യമിട്ട് നടത്തിയ പ്രത്യാക്രമണത്തിൽ നിരവധി ഭീകരരേയും സൈന്യം വധിച്ചു. കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളുടെ കണ്ണീരിന് നീതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സൈനിക ദൗത്യത്തിന് 'ഓപ്പറേഷൻ സിന്ദൂർ' എന്ന പേര് നൽകിയത്.

## RAJNATH–CONFERENCE

സംയുക്ത കമാൻഡർമാരുടെ സമ്മേളനത്തിന്റെ രണ്ടാം പതിപ്പ് ഇന്ന് ജയ്പൂരിൽ നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ തുടങ്ങിയവർ പങ്കെടുക്കും. 'ഓപ്പറേഷൻ സിന്ദൂർ' ഒന്നാം വാർഷികത്തോടനുബന്ധിച്ചാണ് 'പുതിയ മേഖലകളിലെ സൈനിക ശേഷി' എന്ന വിഷയത്തിൽ ദ്വിദിന സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

## JAISHANKAR – SURINAM (INTRO)

ഇന്ത്യ- സുരിനാം ബന്ധം കൂടുതൽ ആഴത്തിലാക്കുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. സുരിനാം വിദേശകാര്യമന്ത്രി മെൽവിൻ ബൗവയുമായി ശ്രീ ജയശങ്കർ ഇന്നലെ കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, പ്രതിരോധം, ഊർജ്ജം, തുടങ്ങിയ വിഷയങ്ങളിൽ സഹകരണം വർദ്ധിപ്പിക്കാൻ ഇന്ത്യ - സുരിനാം 9-ാമത് സംയുക്ത

കമ്മീഷൻ യോഗത്തിൽ ധാരണയായായതായും അദ്ദേഹം പറഞ്ഞു.
(വോയിസ് ...)

❁❁❁❁❁❁❁❁❁❁❁❁❁

## Iran US Agreement

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിനായി അമേരിക്കയും ഇറാനും നിബന്ധനകളോടെയുള്ള പ്രാഥമിക കരാറിലേക്കടുക്കുന്നതായി റിപ്പോർട്ട്. കരാർ പ്രകാരം ഇറാൻ തങ്ങളുടെ യുറേനിയം സമ്പുഷ്ടീകരണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെക്കും. ഇതിന് പകരമായി അമേരിക്ക ഏർപ്പെടുത്തിയ ഉപരോധങ്ങളിൽ ഇളവ് വരുത്തുകയും, മരവിപ്പിച്ച കോടിക്കണക്കിന് ഡോളർ ഇറാനിയൻ ഫണ്ട് വിട്ടുനൽകുകയും ചെയ്യും. ഹോർമുസ് കടലിടുക്കിലൂടെയുള്ള ഗതാഗത നിയന്ത്രണങ്ങൾ ലഘൂകരിക്കാനും ഇരുപക്ഷവും സമ്മതിച്ചിട്ടുണ്ടെന്നാണ് സൂചന. അതേസമയം, ഹോർമുസ് കടലിടുക്കിലെ കപ്പൽ ഗതാഗതം സുരക്ഷിതമാക്കുന്നതിനുള്ള അന്താരാഷ്ട്ര ദൗത്യത്തിന്റെ ഭാഗമായി ഫ്രാൻസ് തങ്ങളുടെ അത്യാധുനിക വിമാനവാഹിനി കപ്പലായ 'ചാൾസ് ഡി ഗാൾ' ചെങ്കടലിൽ വിന്യസിച്ചു. പന്ത്രണ്ടോളം രാജ്യങ്ങൾ ഫ്രാൻസിന്റെ ഈ നീക്കത്തിന് പിന്തുണ അറിയിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## US-IRANIAN OIL TANKER

യുഎസ് ഏർപ്പെടുത്തിയ സമുദ്ര ഉപരോധം ലംഘിച്ച് ഇറാനിയൻ തുറമുഖത്തേക്ക് നീങ്ങാൻ ശ്രമിച്ച 'എംടി ഹസ്ന' എന്ന എണ്ണക്കപ്പൽ ഒമാൻ ഉൾക്കടലിൽ തടഞ്ഞ് യുഎസ് സൈന്യം. അന്താരാഷ്ട്ര സമുദ്ര അതിർത്തിയിലൂടെ സഞ്ചരിക്കുകയായിരുന്ന ഇറാനിയൻ പതാക വഹിച്ച എണ്ണക്കപ്പലിന് മുന്നറിയിപ്പ് നൽകിയെങ്കിലും ജീവനക്കാർ അത് അവഗണിക്കുകയായിരുന്നുവെന്ന് യുഎസ്

വ്യക്തമാക്കി. തുടർന്ന് യുദ്ധവിമാനങ്ങളുപയോഗിച്ച് സൈന്യം കപ്പലിന് നേരെ വെടിയുതിർക്കുകയും യാത്ര തടയുകയുമായിരുന്നു. സംഭവത്തിൽ ഇറാൻ പ്രതികരിച്ചിട്ടില്ല.

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സിനെതിരെ സൺറൈസേഴ്സ് ഹൈദരാബാദിന് 33 റൺ ജയം . ആദ്യം ബാറ്റ് ചെയ്ത ഹൈദരാബാദ് നിശ്ചിത ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 236 റൺ നേടിയപ്പോൾ മറുപടി ബാറ്റിങ്ങിൽ പഞ്ചാബിനു 7 വിക്കറ്റ് നഷ്ടത്തിൽ 202 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. ഇന്ന് നടക്കുന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7.30 ന് ലഖ്നൗവിലാണ് മത്സരം.

## WEATHER – KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ പകൽച്ചൂട് തുടരുന്ന സാഹചര്യത്തിൽ സൂര്യാഘാതമുൾപ്പടെയുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കെതിരെ മുൻകരുതൽ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

## WB-KILLED

പശ്ചിമ ബംഗാളിൽ നോർത്ത് 24 പർഗാനാസ് ജില്ലയിൽ ബിജെപി നേതാവ് സുവേന്ദു അധികാരിയുടെ അടുത്ത സഹായി ചന്ദ്രനാഥ് രഥ് വെടിയേറ്റു മരിച്ചു. ഇന്നലെ രാത്രി ബൈക്കിലെത്തിയ അക്രമികൾ ചന്ദ്രനാഥ് സഞ്ചരിച്ച കാറിനു നേരെ വെടിയുതിർക്കുകയായിരുന്നു. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല .